LIBRARY ARCHIVES Kerala Legislative Assembly

നിലവിലെ ട്രഷറി സർവ്വർ 8 വർഷം പഴക്കമുള്ളതായിരുന്നു. മാത്രവുമല്ല, ട്രഷറി ഇടപാടുകളുടെ വർദ്ധിച്ചുവരുന്ന ബാഹുല്യത്തിനനുസൃതമായി പ്രവർത്തിക്കാൻ തക്കവണ്ണം ശേഷിയുമുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുന്നതിനായി ഉയർന്ന സ്പെസിഫിക്കേഷനുള്ള പുതിയ സർവ്വർ വാങ്ങി 05/2021-ൽ സ്ഥാപിച്ചു. ട്രഷറി സോഫ്റ്റ്വെയറിലോ നെറ്റ്വർക്കിലോ എന്തെങ്കിലും തകരാറ് കണ്ടെത്തിയാൽ ഉടൻ തന്നെ പരിഹരിക്കാറുണ്ട്.

(സി) കോവിഡ് കാലത്തും ട്രഷറി സേവനങ്ങൾക്കായി ഇടപാടുകാർ നേരിട്ട് വരേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് സൗകര്യപ്രദമായ തരത്തിൽ എ.ടി.എം. കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും ഇടപാടുകൾ സംബന്ധിച്ച വിവരങ്ങൾ അപ്പോൾത്തന്നെ എസ്.എം.എസ്. മുഖേന നൽകുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോ?

റ്റി.എസ്.ബി അക്കൗണ്ടുകളിൽനിന്ന് എ.ടി.എം.വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ട്രഷറി ഇടപാടുകൾക്ക് SMS-alert നൽകുന്നതിനുള്ള സോഫ്റ്റ്വെയർ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) ട്രഷറി മുഖേനയുള്ള സാമ്പത്തിക ഇടപാടുകളുടെ സുരക്ഷിതത്വവും സുതാര്യതയും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുതകുന്ന പ്രചരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആലോചിക്കുമോയെന്ന് വ്യക്തമാക്കുമോ?

ട്രഷറി വകുപ്പിന്റെ വെബ്സൈറ്റ് മുഖേനയും ട്രഷറികൾ മുഖേന ഇടപാടുകാർക്ക് പരസ്യ നോട്ടീസുകൾ വിതരണം ചെയ്തും ജീവനക്കാരുടെയും പെൻഷൻകാരുടെയും സംഘടനകളുടെ സഹായത്തോടെ അവരുടെയിടയിൽ പ്രചാരണം നടത്തിയും വാട്ട്സ് ആപ് സന്ദേശങ്ങൾ പ്രചരിപ്പിച്ചും എഫ്.എം റേഡിയോ മുഖേന പരസ്യം നൽകിയും പൊതുജനസമ്പർക്ക വകുപ്പിന്റെ സഹായത്തോടെയും ട്രഷറി നൽകുന്ന സേവനങ്ങളെക്കുറിച്ചും റ്റി.എസ്.ബി ഓൺലൈൻ-നെക്കുറിച്ചും ട്രഷറി ഇടപാടുകളുടെ സുരക്ഷിതത്വത്തെക്കുറിച്ചും വ്യാപക പ്രചാരണം വകുപ്പ് നൽകിവരുന്നുണ്ട്.

ലോട്ടറി കച്ചവടം നടത്തുന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ

84(5243) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി കച്ചവടം നടത്തുന്ന പാവപ്പെട്ടവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 ഒന്നാംഘട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി നറുക്കെടുപ്പുകൾ റദ്ദു ചെയ്തതുമൂലം ലോട്ടറി മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമുണ്ടായതിനാൽ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1000 രൂപ വീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സ്തംഭനാവസ്ഥയിലായ ഭാഗ്യക്കുറി വിപണിയെ ഉത്തേജിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3500 രൂപയുടെയും 2000 രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ എല്ലാ സജീവ അംഗങ്ങൾക്കും 1000 രൂപ വീതം അടിയന്തര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികളെ തൊഴിൽ മേഖലയിൽ സജീവമാക്കുന്നതിന് ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും, 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3000 രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1000 രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ലോട്ടറി കച്ചവടക്കാർക്ക് ചികിത്സാ സഹായം ഉൾപ്പെടെ കൂടുതൽ ആനുകൂല്യങ്ങൾ നൽകി ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

ക്ഷേമനിധിയിലെ സജീവ അംഗങ്ങൾക്ക് ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് പരമാവധി 5,000 രൂപ വാർഷിക ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി, അപകടം/ ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്ന അംഗങ്ങൾക്ക് 50,000 രൂപവരെ ചികിത്സാ ധനസഹായം നൽകുന്ന പ്രത്യേക ചികിത്സാ പദ്ധതി എന്നിവ ഭാഗ്യക്കുറി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു.